നം.5630/ഇ1/2016/കെ.എസ്.എച്ച്.ഒ 25/11/2017

## സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)യിലെ ഒഴിവ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതിനുമായി യോഗ്യരായ കേന്ദ്ര-സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

കുടുംബശ്രീ മിഷനിലെ **ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലേയ്ക്കാണ് നിയമനം.** യോഗ്യതയുള്ള ജീവനക്കാർ ചട്ടപ്രകാരം അവരുടെ മാതൃവകുപ്പിൽ നിന്നുള്ള എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

**തസ്തിക :**

**ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ്**
ഒഴിവുകളുടെ എണ്ണം : 8

(കോട്ടയം :2, ഇടുക്കി:1, എറണാകുളം:1, തൃശൂർ:1, മലപ്പുറം:2, കാസർഗോഡ്:1 )

**ശമ്പള സ്കെയിൽ :** അപേക്ഷകർ 19000-43600 (പുതുക്കിയത്) ശമ്പള സ്കെയിലിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്നവരായിരിക്കണം.

**യോഗ്യത**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം. ബിരുദാനന്തര ബിരുദം നേടിയവർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സാമൂഹിക വികസന പരിപാടികളിലും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും താൽപ്പര്യവും ആഭിമുഖ്യവും ഉണ്ടായിരിക്കണം.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **08/12/2017 വൈകുന്നേരം 5.00 മണി**

കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ